ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1028

# സൂറ - 33 / അൽ അഹ്സാബ്

## സൂക്തം: 15 - 17

മനുഷ്യന് ജീവിതം നൽകിയ അല്ലാഹു ജീവിതത്തിന് ദൗത്യവും നൽകിയിട്ടുണ്ട്. ആ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കെ നേരത്തേ മരിച്ചാലും ജീവിതം സഫലമാകുന്നു. ദൗത്യം നിർവഹിക്കുന്നില്ലെങ്കിൽ സഹസ്രാബ്ദങ്ങൾ ജീവിച്ചാലും ജീവിതം നിഷ്ഫലമാകുന്നു. നൂഹ് നബി(അ) ആയിരമാണ്ട് സ്വന്തം ദൗത്യം നിർവഹിച്ചുകൊണ്ട് ജീവിച്ചു. ഇബ്റാഹീം നബി(അ) പല നൂറ്റാണ്ടുകൾ ജീവിച്ചു. ഈസാ (അ) നാൽപതാണ്ടിൽ താഴെ ജീവിച്ചതായാണ് ചരിത്രം.

وَلَقَدْ كَانُوا عَاهَدُوا اللَّهَ مِن قَبْلُ لَا يُوَلُّونَ الْأَدْبَارَ ۚ وَكَانَ عَهْدُ اللَّهِ مَسْئُولًا ﴿١٥﴾

15. പടയിൽനിന്ന് പിന്തിരിഞ്ഞോടുകയില്ലെന്ന് നേരത്തേ അവർ അല്ലാഹുവിനോട് കരാർ ചെയ്തതായിരുന്നു. അല്ലാഹുവുമായിട്ടുള്ള കരാറാകട്ടെ വിചാരണ ചെയ്യപ്പെടുന്നതു തന്നെയാകുന്നു.

**15**

وَلَقَدْ كَانُوا عَاهَدُوا اللَّهَ = തീർച്ചയായും അവർ അല്ലാഹുവിനോട് കരാർ ചെയ്തതായിരുന്നു

مِن قَبْلُ = നേരത്തേ لَا يُوَلُّونَ الْأَدْبَارَ = അവർ പിന്നിലേക്ക് തിരിഞ്ഞോ(പടയിൽനിന്ന് പിന്തിരിഞ്ഞ്)ടുകയില്ലെന്ന്

وَكَانَ عَهْدُ اللَّهِ = അല്ലാഹുവുമായിട്ടുള്ള കരാർ ആയി(ആകുന്നു)

مَسْئُولًا = ചോദിക്കപ്പെടുന്നത് (വിചാരണ ചെയ്യപ്പെടുന്നതുതന്നെ)

വാസ്തവത്തിൽ ഒരാൾ ഇസ്‌ലാം സ്വീകരിക്കുന്നതിന്റെ അനിവാര്യതയാണ് ഇസ്‌ലാമിന്റെ സംസ്ഥാപനത്തിനു വേണ്ടി എത്ര ക്ലിഷ്ടമായ സമരത്തിനും ത്യാഗത്തിനും തയാറാവുക എന്നത്. സ്വന്തം ദേഹവും ധനവുമെല്ലാം അല്ലാഹുവിന് സ്മർപ്പിച്ചവരാണ് സത്യവിശ്വാസികൾ. إِنَّ اللَّهَ اشْتَرَىٰ مِنَ الْمُؤْمِنِينَ أَنفُسَهُمْ وَأَمْوَالَهُم بِأَنَّ لَهُمُ الْجَنَّةَ (സത്യവിശ്വാസികളുടെ ദേഹവും ധനവും അവർക്ക് സ്വർഗം നൽകുന്നതിനു പകരമായി അല്ലാഹു ക്രയം ചെയ്തിരിക്കുന്നു- 9:111). ഈ കച്ചവടം പ്രയോഗവത്കരിച്ചുകൊള്ളാമെന്ന് ദിനേന അഞ്ചു നേരം അവർ പ്രതിജ്ഞ ചെയ്യുന്നുമുണ്ട്- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ഈ പൊതുവായ പ്രതിജ്ഞക്കു പുറമെ, യുദ്ധ സന്ദർഭങ്ങളിൽ സൈനിക സേവനത്തിന് ഒട്ടും മടിക്കുകയില്ലെന്നും ഏതു പ്രതിസന്ധി ഘട്ടത്തിലും പടയണിയിൽനിന്ന് ഓടിയൊളിക്കുകയില്ലെന്നും നേരത്തേ ഉഹുദ് യുദ്ധത്തിൽനിന്നും പിന്മാറുകയും പിന്നീട് കുറ്റം സമ്മതിച്ച് പശ്ചാത്തപിക്കുകയും ചെയ്തപ്പോൾ പ്രത്യേകമായും പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നു. ഹാരിസ ഗോത്രത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നതെന്ന് നിവേദനങ്ങളുണ്ട്. ഉഹുദ് യുദ്ധം തുടങ്ങും മുമ്പ് തങ്ങൾ സധൈര്യം ശത്രുക്കളോട് പൊരുതുമെന്നും ഒരിക്കലും പിന്തിനിൽക്കുകയോ പടയണിയിൽനിന്ന് ഓടിയൊളിക്കുകയോ ചെയ്യില്ലെന്നും അവർ അല്ലാഹുവിൽ ആണയിട്ട് പ്രതിജ്ഞ ചെയ്തു. പക്ഷേ മദീനയിൽനിന്ന് മുസ്‌ലിം സൈന്യം പുറപ്പെട്ടപ്പോൾ പലരും പിന്മാറി. സൈന്യത്തോടൊപ്പം വന്നവരിൽ തന്നെ നല്ലൊരു വിഭാഗം പേർ യുദ്ധം തുടങ്ങിയപ്പോൾ ഓടിപ്പോവുകയും ചെയ്തു. പിന്നീട് അവർ കുറ്റം സമ്മതിച്ച് തൗബ ചെയ്യുകയും ഇനിയൊരിക്കലും ഇതാവർത്തിക്കില്ലെന്നും എത്ര കടുത്ത പ്രതിസന്ധി ഘട്ടത്തിലും ശത്രുക്കളോട് പൊരുതുമെന്നും പ്രതിജ്ഞ ചെയ്യുകയുമുണ്ടായി. അതേ ആളുകളാണിപ്പോൾ വീടുകളുടെ അരക്ഷിതാവസ്ഥ പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നത്. അല്ലാഹുവിനെ സാക്ഷിയാക്കി ആരോട് ചെയ്യുന്ന പ്രതിജ്ഞകളും കരാറുകളും

അല്ലാഹുവിനെ പിടിച്ച് ആണയിട്ടുകൊണ്ടാണെങ്കിലും അല്ലെങ്കിലും വിചാരണാവിധേയമാകും- وَأَوْفُوا بِالْعَهْدِ إِنَّ الْعَهْدَ كَانَ مَسْئُولًا (കരാറും പ്രതിജ്ഞയും പൂർണമായി പാലിക്കുവിൻ. കരാറും പ്രതിജ്ഞയും തീർച്ചയായും വിചാരണ ചെയ്യപ്പെടുന്നതാകുന്നു.) അല്ലാഹുവിനോടുള്ള പ്രതിജ്ഞയിൽ മുസ്‌ലിം ആകുന്നതിൽ ഉൾച്ചേർന്ന പ്രതിജ്ഞയും അല്ലാഹുവിനെ സാക്ഷിയാക്കി ചെയ്ത കരാറുകളും പെടുന്നു. അവ സവിശേഷ ഗൗരവത്തോടെ വിചാരണ ചെയ്യപ്പെടുമെന്നാണ് وَكَانَ عَهْدُ اللَّهِ مَسْئُولًا എന്ന വാക്യത്തിന്റെ താൽപര്യം. ●

---

قُل لَّن يَنفَعَكُمُ ٱلْفِرَارُ إِن فَرَرْتُم مِّنَ ٱلْمَوْتِ أَوِ ٱلْقَتْلِ وَإِذًا لَّا تُمَتَّعُونَ إِلَّا قَلِيلًا ﴿١٦﴾

16. പ്രവാചകൻ ഈ ഭീരുക്കളോട് പറയുക; മരണമോ കൊലയോ പേടിച്ചാണ് ഓടുന്നതെങ്കിൽ ആ ഓട്ടം നിങ്ങൾക്ക് ഒരു പ്രയോജനവും ചെയ്യുന്നില്ല. അങ്ങനെ ഓടിയൊളിച്ചാൽ ഏറെക്കാലം നിങ്ങൾ ജീവിതമാസ്വദിക്കാനും പോകുന്നില്ല.

**16**

قُل = നീ (പ്രവാചകൻ ഈ ഭീരുക്കളോടു) പറയുക لَّن يَنفَعَكُمُ = നിങ്ങൾക്ക് (ഒരു) പ്രയോജനം(വും) ചെയ്യുന്നില്ല

الْفِرَارُ = (ആ) ഓട്ടം إِن فَرَرْتُم = നിങ്ങൾ ഓടിയെ(ടുന്നതെ)ങ്കിൽ مِّنَ الْمَوْتِ = മരണ(മോ)ത്തിൽനിന്ന്

أَوِ الْقَتْلِ = (കൊലയോ പേടിച്ചാണ്) അല്ലെങ്കിൽ കൊല്ലപ്പെടുന്നതിൽനിന്ന്

وَإِذًا = (അങ്ങനെ ഓടിയൊളിച്ചാൽ) അപ്പോൾ لَّا تُمَتَّعُونَ = നിങ്ങൾ ആസ്വദിക്കുകയില്ല (ദിക്കാനും പോകുന്നില്ല)

إِلَّا قَلِيلًا = (ഏറെക്കാലം) അല്ലാതെ കുറച്ച്

യുദ്ധമുഖത്തുനിന്ന് മാറിനിൽക്കാൻ അനുമതി തേടുന്ന ഭീരുക്കളെ ഉദ്ബോധിപ്പിക്കാൻ പ്രവാചകനോടാവശ്യപ്പെടുകയാണ്: നിങ്ങൾ മരണത്തിൽനിന്ന്, അല്ലെങ്കിൽ കൊല്ലപ്പെടുന്നതിൽനിന്ന് ഓടിയൊളിക്കാൻ നോക്കുകയാണെങ്കിൽ ആ ഒളിച്ചോട്ടം ഒരു പ്രയോജനവും ചെയ്യില്ല. ഓരോ മനുഷ്യന്റെയും ജീവൻ അല്ലാഹുവിന്റെ ഹസ്തത്തിലാണ്. അത് എപ്പോൾ എവിടെ വെച്ച് എങ്ങനെ അവസാനിക്കണമെന്ന് ആത്യന്തികമായി തീരുമാനിക്കുന്നത് അവനാണ്. മരണത്തിൽനിന്ന് ഓടിയൊളിക്കുകയെന്നാൽ അല്ലാഹുവിൽനിന്ന് ഓടിയൊളിക്കലാണ്. അല്ലാഹുവിൽനിന്ന് അവന്റെ സൃഷ്ടികൾക്ക് ഓടിയൊളിക്കാൻ അവന്റെ പ്രപഞ്ചത്തിൽ അവന്റെ കണ്ണെത്താത്ത ഏതു സങ്കേതമാണുള്ളത്?!

മനുഷ്യന് ജീവിതം നൽകിയ അല്ലാഹു ജീവിതത്തിന് ദൗത്യവും നൽകിയിട്ടുണ്ട്. ആ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കെ നേരത്തേ മരിച്ചാലും ജീവിതം സഫലമാകുന്നു. ദൗത്യം നിർവഹിക്കുന്നില്ലെങ്കിൽ സഹസ്രാബ്ദങ്ങൾ ജീവിച്ചാലും ജീവിതം നിഷ്ഫലമാകുന്നു. നൂഹ് നബി(അ) ആയിരമാണ്ട് സ്വന്തം ദൗത്യം നിർവഹിച്ചുകൊണ്ട് ജീവിച്ചു. ഇബ്റാഹീം നബി(അ) പല നൂറ്റാണ്ടുകൾ ജീവിച്ചു. ഈസാ (അ) നാൽപതാണ്ടിൽ താഴെ ജീവിച്ചതായാണ് ചരിത്രം. മുഹമ്മദ് നബി (സ) അറുപതാണ്ടാണ് ജീവിച്ചത്. ഇവരെല്ലാം അവരുടെ ജീവിതം അതിമഹത്തായ രീതിയിൽ സഫലമാക്കിയ അവിസ്മരണീയരായ ലോകാചാര്യന്മാരാണ്. ഈസാ നബിയുടെയും മുഹമ്മദ് നബിയുടെയും ജീവിതകാലം താരതമ്യേന ഹ്രസ്വമായതുകൊണ്ട് അവരുടെ ജീവിത സാക്ഷാത്കാരത്തിനോ സാഫല്യത്തിനോ മഹത്വത്തിനോ ഒരു കുറവും വന്നിട്ടില്ല. പ്രവാചകന്മാരല്ലാത്തവരുടെ കാര്യവും ഇതുതന്നെയാണ്. ലോക ജനതക്ക് അമൂല്യമായ സേവനങ്ങളർപ്പിച്ച മഹാന്മാരിൽ, അമ്പത് തികയും മുമ്പ് മരിച്ചുപോയവർ എത്രയോ ഉണ്ട്. നൂറ്റാണ്ടുകൾ ജീവിച്ചിരുന്നിട്ടും ലോകത്തിന് ദോഷമല്ലാതെ ഗുണമൊന്നും ചെയ്യാത്തവരും ധാരാളം. ജീവിതത്തിന്റെ സാഫല്യം ആയുർദൈർഘ്യത്തെ ആശ്രയിച്ചല്ല എന്ന് വ്യക്തം.

മരണം ഭയന്ന് ഉത്തരവാദിത്തങ്ങളിൽനിന്ന് ഓടിയൊളിക്കുന്നത് ഭീരുത്വം മാത്രമല്ല വലിയ അധർമവുമാകുന്നു. ജീവാപായ സാധ്യതയെ അവഗണിച്ചുകൊണ്ട് നിർവഹിക്കേണ്ട ഉത്തരവാദിത്തമാണ് സൈനിക സേവനം. സൈനികൻ യുദ്ധമുന്നണിയിൽനിന്ന് ഓടിപ്പോകുന്നത് മഹാ പാപങ്ങളിൽ- كبائر ഒന്നായിട്ടാണ് ഇസ്‌ലാം വീക്ഷിക്കുന്നത്. അങ്ങനെ ഓടിയൊളിച്ചതുകൊണ്ട് ആർക്കും ചിരഞ്ജീവിതം സാധ്യമാവുകയുമില്ല. രോഗം വന്നാൽ ചികിത്സിക്കുന്നതും ആപത്തുകളിൽനിന്നും അത്യാഹിതങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതും മാനുഷിക ധർമമാണ്. അതു പക്ഷേ, മരണത്തെ തോൽപിക്കാനുള്ള തന്ത്രമല്ല. മരണം അതുകൊണ്ടൊന്നും തോൽക്കുന്നുമില്ല. രോഗം മാറിയാലും ഇല്ലെങ്കിലും, അപകട സ്ഥലങ്ങളിൽനിന്ന് അകന്നുമാറിയാലും ഇല്ലെങ്കിലുമൊക്കെ മരണം അതിന്റെ നിശ്ചിത സമയത്ത് പിടികൂടുക തന്നെ ചെയ്യും. ആശുപത്രിയിൽ കിടന്ന് വിദഗ്ധ ചികിത്സ നേടി ആരോഗ്യം വീണ്ടെടുത്തയാൾ വീട്ടിലേക്ക് മടങ്ങും വഴി മരിക്കാം. വമ്പിച്ച അത്യാഹിതത്തിൽനിന്ന് രക്ഷപ്പെട്ടവൻ അടുത്ത ദിവസം കുഴഞ്ഞുവീണു മരിക്കാം. ഇതൊക്കെ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ജീവിതത്തിന്റെ ധർമങ്ങളിൽനിന്നും ഉത്തരവാദിത്തങ്ങളിൽനിന്നും മൃത്യുഭയത്താൽ ഒളിച്ചോടിയാൽ അതുവഴി ഭൗതിക സുഖഭോഗങ്ങളനുഭവിച്ച് ഏറെക്കാലം ജീവിതമാസ്വദിക്കാമെന്ന വിചാരം വെറും വ്യാമോഹമാകുന്നു എന്നാണ് وَإِذًا لَّا تُمَتَّعُونَ إِلَّا قَلِيلًا എന്ന വാക്യത്തിന്റെ താൽപര്യം. متاع (വിഭവം)-ൽനിന്നുള്ള ക്രിയയാണ് تمتع. വിഭവങ്ങളും സൗകര്യങ്ങളും അനുഭവിക്കുകയാണത്. ഹജ്ജ് തീർഥാടകർ ഹജ്ജിനും ഉംറക്കുമിടയിൽ കുറച്ചുനാൾ ഇഹ്റാമിൽനിന്ന് മുക്തരായി സുഖജീവിതം നയിക്കുന്നതിന് تمتع എന്നു പറയും. മക്കയിലെത്തുന്ന തീർഥാടകൻ ആദ്യം ഉംറ ചെയ്ത് ഇഹ്റാ

മിൽനിന്ന് വിരമിക്കുകയും ഹജ്ജ് ദിവസങ്ങളാകുമ്പോൾ വീണ്ടും ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുകയാണ് പതിവ്. മുൻ സൂക്തത്തിലെ إِلَّا يَسِيرًا-യുടെ അർഥം തന്നെയാണ് ഈ സൂക്തത്തിലെ إِلَّا قَلِيلًا-ക്കും ഉള്ളത്. അവതരണ പശ്ചാത്തലവുമായി ബന്ധിപ്പിച്ചുകൊണ്ട് മറ്റൊരു വ്യാഖ്യാനം ഇങ്ങനെയാണ്: ആസന്നമായ ഈ പോരാട്ടത്തിൽനിന്ന് ഓടിയൊളിച്ചതുകൊണ്ട് ഈ ഭീരുക്കൾ രക്ഷപ്പെടാൻ പോകുന്നില്ല. മദീന തകർക്കപ്പെടുകയാണെങ്കിൽ അധികം താമസിയാതെ സ്വജനത്തെ വഞ്ചിച്ച് ഈ നീചന്മാരും കൊല്ലപ്പെടുകയോ ആട്ടിയോടിക്കപ്പെടുകയോ ചെയ്യും.

മരണത്തെ തോൽപിക്കാൻ ശ്രമിക്കുന്നതിന്റെ ഫലശൂന്യത പ്രകാശിപ്പിക്കുന്ന ഒരു ഇസ്രാഈലീ കഥയുണ്ട്. സുലൈമാൻ നബി രാജാവായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു പ്രജയുടെ മുന്നിൽ മരണ മലക്ക് അസ്രാഈൽ പ്രത്യക്ഷപ്പെട്ടിട്ട് പറഞ്ഞു: 'ഹേ മനുഷ്യാ, നാളെ പ്രഭാതത്തിൽ നിങ്ങളുടെ ജീവനെടുക്കേണ്ടതാണല്ലോ.' ആ മനുഷ്യൻ ഭയവിഹ്വലനായി സുലൈമാൻ നബിയുടെ അടുത്ത് വന്ന് അപേക്ഷിച്ചു: 'മഹാരാജാവേ, നാളെ പ്രഭാതത്തിൽ എന്റെ ജീവനെടുക്കുമെന്ന് അസ്രാഈൽ പറഞ്ഞിരിക്കുന്നു. എന്നെ രക്ഷിക്കണം. അങ്ങ് എത്രയും വേഗം എന്നെ ഈ ജറൂസലമിൽനിന്ന് ഇന്ത്യയിലെത്തിക്കാൻ കാറ്റിനോട് കൽപിച്ചാലും.' സുലൈമാൻ നബി കൽപിച്ചതുപ്രകാരം കാറ്റ് അയാളെയെടുത്ത് പറന്ന് ഇന്ത്യയിലെ ഹിമാലയത്തിലെത്തിച്ചു. പക്ഷേ പിറ്റേന്ന് കാലത്ത് നിശ്ചിത സമയത്ത് അയാൾ മരിച്ചു. വിവരമറിഞ്ഞ സുലൈമാൻ നബി അസ്രാഈലിനെ വിളിച്ച് അന്വേഷിച്ചു. 'നിങ്ങളുടെ പിടിയിൽനിന്ന് രക്ഷിക്കാൻ ഞാനയാളെ ഇന്ത്യയിലെത്തിച്ചതാണല്ലോ. എന്നിട്ടും നിങ്ങളയാളെ മരിപ്പിച്ചുകളഞ്ഞതെന്ത്?' അസ്രാഈൽ പറഞ്ഞു: 'ഇന്ന് കാലത്ത് ഹിമാലയത്തിൽ വെച്ച് അയാളുടെ ജീവനെടുക്കാനായിരുന്നു അല്ലാഹുവിന്റെ കൽപന. ഇന്നലെ അയാളെ ജറൂസലമിൽ കണ്ടപ്പോൾ ഈ ദൈവകൽപന എങ്ങനെയാണ് നടപ്പിലാക്കുക എന്ന് അത്ഭുതപ്പെടുകയായിരുന്നു ഞാൻ. അങ്ങയിലൂടെ ദൈവം എനിക്കതിനു വഴിയൊരുക്കുകയായിരുന്നു.'

قُل لَّوْ كُنتُمْ فِي بُيُوتِكُمْ لَبَرَزَ الَّذِينَ كُتِبَ عَلَيْهِمُ الْقَتْلُ إِلَىٰ مَضَاجِعِهِمْ

(പ്രവാചകൻ അവരോട് പറയുക: നിങ്ങൾ സ്വവസതികളിൽതന്നെ കുത്തിയിരുന്നാലും കൊല വിധിക്കപ്പെട്ടവർ അവരുടെ മരണസ്ഥലങ്ങളിൽ വന്നെത്തുക തന്നെ ചെയ്യും- 3:154). ●

---

قُلْ مَن ذَا ٱلَّذِى يَعْصِمُكُم مِّنَ ٱللَّهِ إِنْ أَرَادَ بِكُمْ سُوٓءًا أَوْ أَرَادَ بِكُمْ رَحْمَةً ۚ وَلَا يَجِدُونَ لَهُم مِّن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا ﴿١٧﴾

17. അവരോട് ചോദിക്കുക: അല്ലാഹു ഒരു ദോഷമുദ്ദേശിച്ചാൽ അവനിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ, അല്ലെങ്കിൽ ഒരനുഗ്രഹമിച്ഛിച്ചാൽ അത് തടയാൻ കഴിയുന്നവൻ ആരാണുള്ളത്? അല്ലാഹുവിനെതിരെ ഒരു രക്ഷകനെയോ സഹായിയെയോ കണ്ടെത്താൻ അവർക്കാവില്ല.

**17**

قُلْ = നീ പറയുക (അവരോടു ചോദിക്കുക) مَن ذَا = ആരാണുള്ളത്

الَّذِي يَعْصِمُكُم مِّنَ اللَّهِ = അല്ലാഹുവി(അവനി)ൽനിന്ന് നിങ്ങളെ രക്ഷിക്കു(ക്കാൻ കഴിയു)ന്നവൻ

إِنْ أَرَادَ بِكُمْ سُوءًا = അവൻ (അല്ലാഹു) നിങ്ങൾക്ക് ഒരു ദോഷമിച്ഛിച്ചാൽ

أَوْ أَرَادَ بِكُمْ رَحْمَةً = അല്ലെങ്കിൽ ഒരനുഗ്രഹമിച്ഛിച്ചാൽ (അതു തടയാൻ കഴിയുന്നവൻ)

وَلَا يَجِدُونَ لَهُم = അവർ അവർക്കുവേണ്ടി കണ്ടെത്തുന്നില്ല (കണ്ടെത്താൻ അവർക്കാവില്ല)

مِّن دُونِ اللَّهِ = അല്ലാഹുവെ(വിനെതിരെ) കൂടാതെ وَلِيًّا = ഒരു രക്ഷകനെ(യോ) وَلَا نَصِيرًا = ഒരു സഹായിയെയും (യെയോ) ഇല്ല

മുൻ സൂക്തത്തിന്റെ ആശയം ഒന്നുകൂടി ഊന്നിപ്പറയുകയാണ്. അല്ലാഹു അവന്റെ ദാസന്മാരിലൊരുവന് ദോഷമോ ഗുണമോ വിധിച്ചാൽ ആർക്കാണയാളെ രക്ഷിക്കാനാവുക/ശിക്ഷിക്കാനാവുക? ഈ ആശയത്തിന്റെ ചോദ്യരൂപത്തിലുള്ള അവതരണത്തിന് പ്രസ്താവനാ രൂപത്തിൽ അവതരിപ്പിക്കുന്നതിനെക്കാൾ ശക്തിയുണ്ട്. അല്ലാഹുവിന്റെ ഇഛക്കെതിരെ ആർക്കും ആരെയും സഹായിക്കാനാവില്ലെന്ന കാര്യം സംബോധിതർ തന്നെ നിസ്സങ്കോചം സമ്മതിക്കുന്നതാണല്ലോ എന്നാണ് ധ്വനി. عِصْمَة-ൽനിന്നുള്ള ക്രിയയാണ് يَعْصِمُ. സുരക്ഷ, പ്രതിരോധം, ആശ്രയം, മുറുകെപ്പിടിക്കൽ, പരിശുദ്ധി, അപ്രമാദിത്വം എന്നെല്ലാം عِصْمَة -നു അർഥമുണ്ട്. പ്രവാചകന്മാരുടെ അപ്രമാദിത്വത്തിന് സാങ്കേതികമായി عِصْمَة എന്നു പറയുന്നു. പ്രവാചകന്മാരെ അബദ്ധങ്ങളിൽനിന്നും അപരാധങ്ങളിൽനിന്നും അല്ലാഹു നേരിട്ട് സംരക്ഷിക്കുന്നു എന്ന അർഥത്തിലാണിത്. اعتصام മുറുകെപ്പിടിക്കലാണ്. وَاعْتَصِمُوا بِحَبْلِ اللَّهِ -അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുവിൻ. സംരക്ഷിക്കുക, പ്രതിരോധിക്കുക എന്ന അർഥത്തിലാണ് ഈ സൂക്തത്തിൽ يَعْصِمُكُم എന്നുപയോഗിച്ചിരിക്കുന്നത്.

أَوْ أَرَادَ بِكُمْ رَحْمَةً എന്നതിനു മുമ്പ് أَوْ يَمَسك رَحْمَةً എന്ന് അനുക്തമായിട്ടുണ്ട്. സന്ദർഭത്തിൽനിന്ന് സ്വയം വ്യക്തമാകുന്ന കാര്യം അനുക്തമാക്കുക അറബി ഭാഷയിൽ സാധാരണമാണ്. മലയാളത്തിൽ ആ രീതി ഇല്ലാത്തതുകൊണ്ട് തർജമയിൽ അത് വെളിപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവല്ലാതെ രക്ഷകൻ (ولي) ഇല്ല എന്നു പറഞ്ഞത് വിഗ്രഹാരാധകർ രക്ഷകരായി കരുതുന്ന ദേവീദേവന്മാരാണ്. അല്ലാഹുവിന്റെ അടിമകളെ അവന്റെ നടപടിയിൽനിന്ന് രക്ഷപ്പെടുത്താൻ ത്രാണിയുള്ള ദേവീദേവന്മാരോ പുണ്യാത്മാക്കളോ നക്ഷത്രങ്ങളോ ഒന്നുമില്ല. ആളുകൾ ആശ്രയിക്കുന്ന കുടുംബബന്ധവും ഗോത്ര-സമുദായ-സംഘടനാ ശക്തികളും അതിന്റെ നേതൃത്വവുമാണ് نصير-സഹായി. അല്ലാഹുവിന്റെ വിധിക്കു മുന്നിൽ കുടുംബവും ഗോത്രവും സമുദായവും സംഘടനയും അതിന്റെ നായകന്മാരുമെല്ലാം നിസ്സഹായരാകുന്നു. ●